# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6297 11.07.2012-ലെ മറുപടിക്ക്**

## <u>പെട്രോൾ വില വർദ്ധന</u>

<table>
<tr><th></th><th><u>ചോദ്യം</u><br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</th><th><u>ഉത്തരം</u><br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പെട്രോൾ വില വർദ്ധനവുണ്ടായിട്ടുണ്ട് ;</td><td>മൂന്നുതവണ.</td></tr>
<tr><td>(ബി)</td><td>ഓരോ തവണയും എത്ര രൂപ വീതമായിരുന്നു വർദ്ധനവ് ;</td><td>സെപ്റ്റംബർ 16 ന് ലിറ്ററിന് 3 രൂപ 14 പൈസയും, നവംബർ 4 ന് ലിറ്ററിന് 1 രൂപ 82 പൈസയും 2012 മേയ് 24 ന് ലിറ്ററിന് 6 രൂപ 28 പൈസയുമായിരുന്നു വർദ്ധിപ്പിച്ചത്.</td></tr>
<tr><td>(സി)</td><td>വില വർദ്ധനവ് മൂലം സംസ്ഥാനത്തിനുള്ള അധിക നികുതി എത്ര തവണ വേണ്ടെന്നുവച്ചു ; ഇതു മൂലം സംസ്ഥാന സർക്കാരിന് എത്ര രൂപയുടെ നികുതിയാണ് നഷ്ടമായത് ;</td><td>ഈ സർക്കാർ 18.05.2011 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വരുന്നതിന് മുൻപ് 14.05.2011 ൽ എണ്ണക്കമ്പനികൾ വരുത്തിയ വർദ്ധനവ് ഉൾപ്പെടെ 4 തവണ അധിക നികുതി വരുമാനം വേണ്ടെന്നുവച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പ്രതിമാസമുണ്ടായ നികുതി നഷ്ടം താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണ്.
<table>
<tr><th>എണ്ണ കമ്പനികൾ വില വർദ്ധിപ്പിച്ച തീയതി</th><th>പ്രതിമാസം സംസ്ഥാനം വേണ്ടെന്നു വച്ച നികുതി തുക (കോടിയിൽ)</th></tr>
<tr><td>14.05.2011</td><td>11.00</td></tr>
<tr><td>16.09.2011</td><td>9.08</td></tr>
<tr><td>04.11.2011</td><td>5.10</td></tr>
<tr><td>24.05.2012</td><td>22.48</td></tr>
</table></td></tr>
<tr><td>(ഡി)</td><td>അധിക നികുതി വേണ്ടെന്നുവച്ചു കഴിയുമ്പോൾ ഓരോ തവണയും എത്ര രൂപയാണ് പെട്രോൾ വില വർദ്ധിച്ചത് ; അത് പ്രത്യേകം ലഭ്യമാക്കുമോ ;</td><td>അധിക നികുതി വേണ്ടെന്നുവച്ചുകൊണ്ട് നികുതി നിരക്കിൽ കുറവ് വരുത്തുന്നതിനെ തുടർന്നുണ്ടാകുന്ന വില വർദ്ധനവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>എണ്ണ കമ്പനികൾ വില വർദ്ധിപ്പിച്ച തീയതി</th><th>വർദ്ധനവിന് ശേഷമുള്ള ചില്ലറ വിൽപന വില ലിറ്ററിന് (എറണാകുളം)</th><th>സംസ്ഥാനം നികുതി കുറച്ചതിനുശേഷമുള്ള ചില്ലറ വിൽപന വില ലിറ്ററിന് (എറണാകുളം)</th></tr>
<tr><td>14.05.2011</td><td>66.88</td><td>65.36</td></tr>
<tr><td>16.09.2011</td><td>69.10</td><td>68.44</td></tr>
<tr><td>04.11.2011</td><td>70.46</td><td>70.09</td></tr>
<tr><td>24.05.2012</td><td>75.75</td><td>74.12</td></tr>
</table></td></tr>
<tr><td>(ഇ)</td><td>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോൾ വില എത്രയായിരുന്നു ; ഇപ്പോൾ എത്രയാണ് ?</td><td>18.05.2011 ന് ഈ സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുമ്പോൾ പെട്രോളിന്റെ വില ലിറ്ററിന് 66.88 രൂപയും ഇപ്പോൾ ലിറ്ററിന് 69.66 രൂപയുമാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ